(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് നൽകിയ ഹർജി തീർപ്പാക്കിക്കൊണ്ട് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം പരിഗണിക്കണമെന്നും നിയമാനുസൃതം ആവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അവരെ യഥാവിധി കേൾക്കണമെന്നും ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

താനൂർ ബദർപള്ളി പാലം

264(3150) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച താനൂർ ബദർപള്ളി പാലത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ബദർപള്ളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചു പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായ ശേഷമേ തുടർ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

ഗ്രീൻ ബിൽഡിംഗ് പോളിസി

265(3151) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗ്രഹയുടെ (GRIHA - Green Rating of Integrated Habitat Assessment) സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. ഹരിത നിർമ്മാണ തത്ത്വങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും, കേരളമൊട്ടാകെ, പരിശീലന ക്ലാസുകൾ നടത്തിയിട്ടുണ്ട്.

(ബി) ഊർജ്ജ പ്രതിസന്ധിയും ജലദൗർലഭ്യവും പല കാരണങ്ങൾ കൊണ്ടുള്ള അന്തരീക്ഷ പരിസര മലിനീകരണവും ഇന്നു നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണമേഖലയാണ് ഇവയെല്ലാം നല്ലൊരു ശതമാനം കാരണമാകുന്നതും ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുവാനാണ് ഈ നയം നടപ്പിലാക്കുകവഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40%ത്തോളം ഊർജ്ജത്തിന്റെയും, ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) വ്യവസ്ഥകൾ നയത്തിൽ നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾ മാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണസ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥ ചെയ്യുന്നു. ഹരിതഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥ ചെയ്യുന്നു. പരിമിതമായി വരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ളൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു.

(സി) ഊർജ്ജ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GPM. 2/241/2020-40